# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2964** **18.06.2019 -ൽ മറുപടിയ്ക്ക്**

## പഠനനിലവാരം ഉയർത്തുന്നതിനുള്ള പുതിയ പരിഷ്കാരങ്ങൾ

ചോദ്യം **ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ.അനിൽ അക്കര**
**ശ്രീ.വി.ടി.ബൽറാം**
**ശ്രീ.ഷാഫി പറമ്പിൽ**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) പുതിയ അദ്ധ്യയനവർഷം ആരംഭിച്ചതോടെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ പുതിയ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയത്;

എ) പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ചുവടെ പറയുന്ന പരിഷ്കാരങ്ങൾ നടപ്പാക്കി,

i) അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഉതകുന്ന രീതിയിൽ 'സമഗ്ര' വിഭവ പോർട്ടൽ രണ്ടാം പതിപ്പ് സജ്ജമാക്കി ലഭ്യമാക്കി.

ii) ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കും 4 ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം ക്രമീകരിച്ചു. ഹൈടെക് സ്കൂൾ പദ്ധതി പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതിനായി വിദ്യാർത്ഥികളുടെ പ്രത്യേക ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റുകൾ കൂടുതൽ ഹൈസ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കി.

iii) പാഠപുസ്തകങ്ങളിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുയും, പരീക്ഷാ രീതിയിൽ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

ബി) ഇതുമൂലം ഈ രംഗത്ത് എന്തൊക്കെ സമൂല മാറ്റങ്ങളാണ് ഉണ്ടാക്കുവാൻ കഴിഞ്ഞത്;

ബി) 'സമഗ്ര' വിഭവ പോർട്ടലിന്റെ രണ്ടാം പതിപ്പ് സജ്ജമാക്കിയതോടെ അധ്യാപകർക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും പാഠ ഭാഗങ്ങളും ഉപയോഗിക്കാൻ കഴിയുന്നതോടൊപ്പം പ്രഥമാധ്യാപകർ മുതൽ സംസ്ഥാനതലം വരെയുള്ള ഉദ്യോഗസ്ഥർക്ക് സമഗ്രയുടെ ഉപയോഗം മോണിറ്റർ ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഐ.സി.ടി. അധിഷ്ഠിത പരിശീലനം ലഭ്യമാക്കിയതിലൂടെ പുതിയ ഡിജിറ്റൽ വിഭവങ്ങളും പാഠാസൂത്രണ രേഖകളും പാഠഭാഗങ്ങളും ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായി. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും ഉപയോഗവും പ്രയോഗവും പരമാവധി

ഉറപ്പുവരുത്തുന്നതിനും ഉപകരണങ്ങളുടെ പരിപാലനത്തിനും വിദ്യാർത്ഥികളുടെ പങ്കാളിത്തവും ('ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിലെ അംഗങ്ങൾക്കും) ഉറപ്പാക്കാൻ കഴിയും. കൂടാതെ സ്കൂളുകളുടെ പഠനനിലവാരം മെച്ചപ്പെട്ടു. സർക്കാർ, സർക്കാർ എയഡഡ് സ്കൂളുകളിലെ പ്രവേശനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി.

സി) പുതിയ അദ്ധ്യായന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ സ്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ആകെ എത്ര പേരെയാണ് പുതിയതായി നിയമിച്ചത്;

സി) ഉണ്ട്; ആകെ 5085 അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്.

ഡി) ഇവരുടെ നിയമനം പി.എസ്.സി. വഴിയാണോ നടത്തിയത് ; അല്ലെങ്കിൽ എപ്രകാരമാണ് നിയമിച്ചത് ; വ്യക്തമാക്കുമോ?

ഡി) പി. എസ്. സി. വഴിയും, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരവും നിയമനം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ